പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7844 — 16.07.2014-ൽ മറുപടിയ്ക്ക്

# വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |

(എ) കാലവർഷം ലഭിക്കാത്തതുമൂലമുള്ള വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എ) വൈദ്യുതി ബോർഡ് 1500 മെഗാവാട്ടോളം വൈദ്യുതി ഈസ്റ്റേൺ റീജിയൺ വെസ്റ്റേൺ റീജിയൺ തുടങ്ങിയ മേഖലകളിൽ നിന്നും വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും, പ്രസ്തുത മേഖലകളിൽ നിന്നും ദക്ഷിണേന്ത്യയിലേയ്ക്കുള്ള പ്രസരണ ഇടനാഴിയുടെ അപര്യാപ്തത നിലനിൽക്കുന്നതിനാൽ ടി വൈദ്യുതി കൊണ്ടുവരുന്നതിന് സാധിക്കുന്നില്ല.

ബോർഡ് 300 മെഗാവാട്ടോളം വൈദ്യുതി ദക്ഷിണേന്ത്യൻ വ്യാപാരികളിൽ നിന്ന് വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ, ദക്ഷിണഗ്രിഡിൽ S1,S2 നിലനിൽക്കുന്ന പ്രസരണ ഇടനാഴിയുടെ അപര്യാപ്തത കാരണം ടി വൈദ്യുതി കൊണ്ടുവരുന്നതിന് പലപ്പോഴും ഹ്രസ്വകാലാടിസ്ഥാനത്തിൽ ഓപ്പൺ ആക്സസ് ലഭിക്കുന്നില്ല. 100 മെഗാവാട്ട് വൈദ്യുതി എൻ.റ്റി.പി.സി യുടെ ജജ്ജാർ നിലയത്തിൽ നിന്നും ജൂലൈ മാസത്തിലേയ്ക്ക് ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ, കായംകുളത്തു നിന്നും ബോർഡിന്റെ കെ.ഡി.പി.പി നിലയത്തിൽ നിന്നും കൂടുതൽ വിലയ്ക്ക് വൈദ്യുതി വാങ്ങിയും ആണ് നിലവിലുള്ള വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നത്.

ഇതുകൂടാതെ, കൂടുതൽ വൈദ്യുതി സംസ്ഥാനത്തിന്റെ പുറത്തുനിന്നും കൊണ്ടുവരുന്നതിനു വേണ്ടി, പ്രസരണ ഇടനാഴി ലഭ്യമാക്കുന്നതിനായി വിവിധ നടപടികൾ ബോർഡ് എടുത്തു വരുന്നു.

(1) വൈദ്യുതി ബോർഡ്, മീഡിയം ടേം ഓപ്പൺ ആക്സസ്, ഷോർട്ട് ടേം ഓപ്പൺ ആക്സസ് ഇവ

കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ചട്ടങ്ങൾ പ്രകാരം നൽകണമെന്ന് അപേക്ഷിച്ചു കൊണ്ട് 2 പരാതികൾ കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് നൽകിയിട്ടുണ്ട്.

(2) കൂടുതൽ വൈദ്യുതി തമിഴ്നാട്, കേരള ഉൾപ്പെടെ S2 മേഖലയിൽ നിന്നും വാങ്ങുന്നതിന് നടപടികൾ എടുത്തു വരുന്നു.

(3) കൂടുതൽ വൈദ്യുതി കേന്ദ്ര പൂളിൽ നിന്നും ലഭ്യമാക്കുന്നതിന് ഗവൺമെന്റ് തലത്തിൽ നടപടികൾ എടുത്തിട്ടുണ്ട്.

(ബി) നിലവിലെ പ്രതിദിന ഉപഭോഗ കണക്കനുസരിച്ച് എത്ര ദിവസത്തെ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ജലമാണ് സംഭരണികളിലുള്ളത് എന്നറിയിക്കുമോ;

(ബി) 09.07.2014 ലെ കണക്കനുസരിച്ച് 653.52 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വെള്ളമാണ് ജലസംഭരണികളിലുള്ളത്. നിലവിൽ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉത്പാദനം പ്രതിദിനം ശരാശരി 21 ദശലക്ഷം യൂണിറ്റായി ക്രമീകരിച്ചാൽ, ഏകദേശം 31 ദിവസത്തേയ്ക്കുള്ള വെള്ളമാണ് സംഭരണികളിലുള്ളത്.

(സി) മറ്റു മാർഗ്ഗങ്ങളിലൂടെ എത്ര യൂണിറ്റ് വൈദ്യുതികൂടി ലഭ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കേന്ദ്ര പൂളിൽ നിന്നും പ്രതിദിനം ശരാശരി 27 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുകൂടാതെ എൻ.റ്റി.പി.സി യുടെ ജജ്ജാർ നിലയത്തിൽ നിന്ന് 100 മെഗാവാട്ട് കൂടുതൽ വൈദ്യുതി ജൂലൈ മാസത്തിലേയ്ക്ക് ലഭ്യമാകുന്നതാണ്. ഇപ്പോൾ കായംകുളം നിലയത്തിൽ നിന്നും 3.6 ദശലക്ഷത്തോളം വൈദ്യുതിയും, ഡീവിയേഷൻ സെറ്റിൽമെന്റ് മെക്കാനിസം അനുസരിച്ച് 2.2 ദശക്ഷത്തോളം വൈദ്യുതിയും, കൂടാതെ സംസ്ഥാനത്തിനകത്തുള്ള സ്വകാര്യ കാറ്റാടി നിലയങ്ങൾ, ചെറുകിട വൈദ്യുതി നിലയങ്ങൾ എന്നിവയിൽ നിന്നും പ്രതിദിനം 0.8 ദശലക്ഷത്തോളം വൈദ്യുതിയും ലഭിക്കുന്നുണ്ട്.

(ഡി) കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ; ശരാശരി എത്ര യൂണിറ്റ് വൈദ്യുതിയാണ് നേരത്തെ ലഭിച്ചു കൊണ്ടിരുന്നത്; ഇപ്പോൾ എത്രയാണ് ലഭിക്കുന്നത്; 2014 ജനുവരി

(ഡി) ഉണ്ട്. ജജ്ജാർ നിലയത്തിൽ നിന്നും 100 മെഗാവാട്ട് വൈദ്യുതി ജൂലൈ മാസത്തിലേയ്ക്ക് സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിയ്ക്കാനായി ലഭിക്കുന്നുണ്ട്. 2014 ജൂൺ മാസത്തിൽ ശരാശരി 24.2 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് കേന്ദ്ര പൂളിൽ നിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പെരിഫറിയിൽ ലഭിച്ചിട്ടുള്ളത്. 2014 ജൂലൈ 1 മുതൽ നാളിതുവരെ

മുതൽ ഓരോ മാസത്തിലും ശരാശരി എത്ര യൂണിറ്റ് വൈദ്യുതിയാണ് ലഭിച്ചത്;

(08.07.2014) ശരാശരി പ്രതിദിനം 26.95 ദശലക്ഷം യൂണിറ്റായി വർദ്ധിച്ചിട്ടുണ്ട്. അതായത്, പ്രതിദിനം 2.75 ദശലക്ഷത്തോളം വർദ്ധിച്ചിട്ടുണ്ട്. 2014 ജനുവരി മുതൽ ബോർഡിന് കേന്ദ്ര പൂളിൽ നിന്നും പ്രതിദിനം ലഭിച്ച വൈദ്യുതി താഴെപ്പറയും പ്രകാരമാണ്.

| മാസം | ശരാശരി പ്രതിദിന വൈദ്യുതി ലഭ്യത (ദശലക്ഷം യൂണിറ്റിൽ) |
|---|---|
| ജനുവരി — 2014 | 29.00 |
| ഫെബ്രുവരി — 2014 | 27.60 |
| മാർച്ച് — 2014 | 29.50 |
| ഏപ്രിൽ - 2014 | 27.36 |
| മെയ് — 2014 | 26.10 |
| ജൂൺ - 2014 | 24.20 |

(ഇ) കേന്ദ്ര സഹായമായി ലഭിക്കുന്ന വൈദ്യുതി കേരളത്തിൽ കൊണ്ടു വരാൻ കഴിയാത്ത സാഹചര്യമുണ്ടോ ഉണ്ടെങ്കിൽ ആയത് എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കമോ;

(ഇ) ഇല്ല.

(എഫ്) പുറമേ നിന്ന് എത്ര യൂണിറ്റ് വൈദ്യുതി കൊണ്ടുവരാനുള്ള ലൈനാണ് നിലവിലുള്ളത് എന്നറിയിക്കുമോ ?

(എഫ്) കേരളവും തമിഴ്നാട്ടും ചേർന്നുള്ള S2 റീജിയണിലേയ്ക്ക് ആന്ധ്രയും കർണ്ണാടകവും ചേർന്നുള്ള S2 റീജിയണിൽ നിന്നുള്ള പ്രസരണ ലൈനുകളുടെ ശേഷിക്കുറവ് മൂലവും കോറിഡോർ ലഭ്യതയിലുള്ള കുറവുകാരണവും കേരളത്തിന് ഇപ്പോൾ ഏകദേശം 31 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് പ്രതിദിനം ശരാശരിയായി പുറമെ നിന്നും ലഭിച്ചു കൊണ്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ.